
സാമൂതിരിരാജ വക
ശ്രീവളയനാട് ദേവീ ക്ഷേത്രം
കൊമ്മേരി, കോഴിക്കോട് - 673 007
Ph: 0495 2741083, 82815 999 83, E: sreevalayanadtemple@gmail.com
നവരാത്രി ആഘോഷം
2025 സെപ്റ്റംബർ 22 ഒക്ടോബർ 2 കൂടി
വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു.

ഭക്തജനങ്ങളെ,

ശ്രീവളയനാട് ദേവീ ക്ഷേത്രത്തിലെ ഈ വർഷത്തെ **നവരാത്രി മഹോത്സവം** ഈ വരുന്ന **സെപ്റ്റംബർ 22 മുതൽ** ആഘോഷിക്കുന്ന വിവരം അറിയിച്ചു കൊള്ളുന്നു. ക്ഷേത്രത്തിലെ വിശേഷാൽ പൂജകൾക്കു പുറമെ ആരംഭം മുതൽ വൈകീട്ട് നവരാത്രി മണ്ഡപത്തിൽ (വടക്കെനട പുറത്തെ സ്റ്റേജ്) കലാപരിപാടികളും ഉണ്ടാകും. സെപ്റ്റംബർ 30 ന് ദുർഗ്ഗാഷ്ടമി ദിവസം ആനപ്പുറത്ത് ഭഗവതിയെ എഴുന്നുള്ളിച്ച് പ്രസിദ്ധ വാദ്യകലാകാരന്മാരുടെ മേളത്തോടെ ശിവേലികളും അന്ന് രാവിലെ 6.30 മണി മുതൽ വൈകീട്ട് 6.30 മണി വരെ ഭരതാഞ്ജലി പെർഫോമിംഗ് ആർട്സ് സെന്റർ, കൊയിലാണ്ടിയുടെ ഡോ: മധുസൂദനൻ ഭരതാഞ്ജലിയുടെ സഹകരണത്തോടെ **'11-ാമത് ദേശീയ ക്ഷേത്ര നൃത്തോത്സവം - ദുർഗ്ഗാഷ്ടമി നൃത്താർച്ചന'** മികവുറ്റ കലാകാരന്മാർ അണിനിരക്കുന്ന ശാസ്ത്രീയ നൃത്ത നൃത്ത്യങ്ങളുടെ മികച്ച അവതരണവും ദീപാരാധനക്ക് ശേഷം ശ്രീ. ഗുരുവായൂർ വദന്റെ തായമ്പകയും ഉണ്ടാകും. ഒക്ടോബർ 1ന് മഹാനവമിക്ക് ശിവേലി എഴുന്നള്ളിപ്പും, ഓട്ടൻ തുള്ളലും, ശ്രീ. സദനം സുരേഷ്, ശ്രീ. കലാമണ്ഡലം സനൂപ്, ശ്രീ. സദനം അശ്വിൻ മുരളി എന്നിവരുടെ ട്രിപ്പിൾ തായമ്പകയും. വിജയദശമി 02.10.25ന് ക്ഷേത്രത്തിൽ രാവിലെ 7.30 ന് ശേഷം പുസ്തക പൂജയും തുടർന്ന് വട്ടോളി ഇല്ലത്ത് ശ്രീ. കൃഷ്ണൻ മൂസ്സതിന്റേയും, വട്ടോളി ഇല്ലത്ത് ശ്രീ. കുഞ്ഞിശങ്കരൻ മൂസ്സതിന്റേയും കാർമ്മികത്വത്തിൽ കുട്ടികളെ എഴുത്തിനിരുത്തുന്നു. താല്പര്യമുള്ള രക്ഷിതാവിന് സ്വന്തം കുട്ടികളെ എഴുത്തിനിരുത്തുവാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതോടെ ഈ വർഷത്തെ നവരാത്രി മഹോത്സവം പര്യവസാനിക്കുന്നു.

നവരാത്രി മഹാനവമിക്ക് വൈകീട്ട് നടക്കുന്ന **സരസ്വതീപൂജ** വിദ്യാവിലാസിനിയായ സരസ്വതീദേവിയുടെ അനുഗ്രഹത്തിനും, വിദ്യഭ്യാസ ഉന്നതിക്കും വളരെ ഉത്തമമായ വഴിവാടാണ്.


ക്ഷേത്രത്തിലെ നവരാത്രി മഹോത്സവത്തിന് മുഴുവൻ ഭക്തജനങ്ങളുടെയും സാന്നിദ്ധ്യവും, അകമഴിഞ്ഞ സഹായ സഹകരണങ്ങളും പ്രതീക്ഷിച്ചു കൊള്ളുന്നു.

ഭക്ത്യാദരപൂർവ്വം,

**ട്രസ്റ്റി**
**സാമൂതിരി രാജ**

**എക്സിക്യൂട്ടീവ് ഓഫീസർ &**
**ജീവനക്കാർ**

- **കുട്ടികളെ എഴുത്തിനിരുത്തേണ്ടവർ ക്ഷേത്രകൗണ്ടറുകളിൽ നിന്നും മുൻകൂട്ടി രസീതാക്കേണ്ടതാണ്.**
- **പുസ്തകം പൂജിക്കേണ്ടവർ വൃത്തിയായി പാക്ക് ചെയ്ത് സ്വന്തം മേൽവിലാസം വൃത്തിയായി എഴുതി 29-09-25ന് വൈകീട്ട് ക്ഷേത്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.**
- **സരസ്വതീപൂജ 150/- രൂപ**
- **ഒരുദിവസത്തെ പൂജ 500/- രൂപ**



# നവരാത്രി ആഘോഷം

## വിശേഷാൽ പൂജകൾ

## ശിവേലി എഴുന്നള്ളിപ്പ്

## കലാപരിപാടികൾ



**30.09.25ന് രാവിലെ 6.30 മണി മുതൽ വൈകീട്ട് 6.30 മണി വരെ**

## നൃത്താർച്ചന

**വൈകു: 7.00 മണിക്ക് :**

## തായമ്പക (ശ്രീ. ഗുരുവായൂർ വന്ദൻ)

**01.10.25ന് വൈകു: 7.00 മണിക്ക് :**

## ട്രിപ്പിൾ തായമ്പക

**ശ്രീ. സദനം സുരേഷ്, ശ്രീ. കലാമണ്ഡലം സനൂപ്**
**ശ്രീ. സദനം അശ്വിൻ മുരളി**



**22.009.25 മുതൽ 29.09.25 കൂടി കാലത്ത്**

## മേളം

**(അവതരണം : വളയനാട് വാദ്യസംഘം)**

## ഓട്ടൻതുള്ളൽ

## പഞ്ചരത്ന കീർത്തനാലാപനം

## കുട്ടികളെ എഴുത്തിനിരുത്തൽ

**സംഭാവന / വഴിവാട് ബുക്കിംങ്ങിന്:**

**SREE VALAYANAD DEVASWOM**

(Whatsapp No. 82815 99983.)

| | | |
|---|---|---|
| S.B. A/C No. | : | 431 2000 1000 13146 |
| IFSC No. | : | PUNB 0431 200. |
| Bank | : | P. N.B, Mankave Branch. |